**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2631** **27-02-2023 - ൽ മറുപടിയ്ക്ക്**

**കോർ ബാങ്കിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്കിലെ കോർ ബാങ്കിംഗ് സംവിധാനത്തിലെ അപാകതകൾ മൂലം നിക്ഷേപകർക്ക് ആർ.ടി.ജി.എസ്, നെഫ്റ്റ് എന്നീ സംവിധാനങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2022 ജൂലൈ മാസം ആരംഭിച്ച കേരള ബാങ്കിന്റെ CBS മൈഗ്രേഷൻ 9 ഘട്ടങ്ങളിലായി 2022 ഡിസംബർ മാസത്തിലാണ് പൂർത്തീകരിച്ചത്. CBS മൈഗ്രേഷൻ പൂർത്തീകരിക്കുന്നതിന് മുമ്പ് കേരള ബാങ്കിൽ മൊബൈൽ ബാങ്കിങ്ങ് സംവിധാനം സമ്പൂർണ്ണമായിരുന്നില്ല. ആ കാലയളവുകളിൽ ഓൺലൈനായി പണം ട്രാൻസ്ഫർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുരുക്കം അസൗകര്യങ്ങൾ ചില ഇടപാടുകാർക്ക് ഉണ്ടായിട്ടുണ്ട്. മൈഗ്രേഷൻ പൂർത്തീകരിച്ചതിനു ശേഷം എല്ലാ ഇടപാടുകാർക്കും മൊബൈൽ ബാങ്കിങ്ങ് സേവനം RTGS/NEFT എന്നിവ പ്രദാനം ചെയ്യുവാൻ കേരള ബാങ്ക് പര്യാപ്തമായി കഴിഞ്ഞു. കേരള ബാങ്കിന്റെ ഹെഡ്ഓഫീസ്, 7 റീജിയണൽ ഓഫീസുകൾ, കോർപ്പറേറ്റ് ബിസിനസ് ഓഫീസ്, 13 ജില്ലാതല ക്രെഡിറ്റ് പ്രൊസസ്സിംഗ് സെന്ററുകൾ, 769 ബ്രാഞ്ചുകൾ ഉൾപ്പെടെ 2022 ഡിസംബർ മാസം 26-ാം തീയതി മുതൽ ഏകീകൃത കോർ ബാങ്കിങ്ങ് സൊല്യൂഷ്യനിലേക്ക് (Finacle 10x) മാറിയിട്ടുണ്ട്. ബാങ്കിന്റെ 769 ബ്രാഞ്ചുകൾക്കും IFSC, റിസർവ് ബാങ്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇത് മുഖാന്തിരം RTGS/NEFT സംവിധാനങ്ങൾ കേരള ബാങ്കിൽ തടസ്സം കൂടാതെ ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്. |
| (ബി) | കോർ ബാങ്കിംഗ് പൂർത്തിയായപ്പോൾ ഒരു അക്കൗണ്ട് ഉടമയ്ക്ക് രണ്ട് അക്കൗണ്ട് നമ്പർ ലഭിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ് വെയർ നിലവിൽ വന്ന ശേഷം എല്ലാ അക്കൗണ്ട് ഉടമകൾക്കും പുതിയ അക്കൗണ്ട് നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ശാഖകൾ മുഖാന്തിരം ഇടപാടുകാരെ ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇക്കാരണം കൊണ്ട് ഇടപാടുകാർക്ക് യാതൊരു ബുദ്ധിമുട്ടും നേരിടുന്നില്ല. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ രണ്ട് അക്കൗണ്ടുകളിൽ ഏത് അക്കൗണ്ട് ഉപയോഗിക്കണമെന്ന ആശങ്ക അക്കൗണ്ട് ഉടമയ്ക്ക് ഉണ്ടാക്കാനിടയുള്ള സാഹചര്യത്തിൽ പ്രസ്തുത വിഷയം പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള ബാങ്കിൽ ഏകീകൃത സോഫ്റ്റ് വെയർ നിലവിൽ വന്ന ശേഷം എല്ലാ അക്കൗണ്ട് ഉടമകൾക്കും പുതിയ അക്കൗണ്ട് നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം ശാഖകൾ മുഖാന്തിരം ഇടപാടുകാരെ ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇക്കാരണം കൊണ്ട് ഇടപാടുകാർക്ക് യാതൊരു ബുദ്ധിമുട്ടും നേരിടുന്നില്ല. |
| (ഡി) | കേരള ബാങ്ക് എ.ടി.എം. കാർഡിന്റെ ഉപയോഗത്തിൽ അമിതമായ ഫീസ് ഈടാക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. റെഗുലേറ്റർമാർ (റിസർവ് ബാങ്ക് / നബാർഡ്) നിഷ്കർഷിച്ചിട്ടുള്ള ഫീസ് മാത്രമാണ് എ.ടി.എം കാർഡ് ഉപയോഗത്തിൽ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ